I ഇ.ബി. XIII-കേരള നിയമസഭ/XII-10

# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ഡിസംബർ 12, വെള്ളി**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

(നിയമസഭാ നടപടികൾ ആരംഭിച്ചയുടനെ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി രാജി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും ഉയർത്തി മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സഭ 8.31-ന് നിർത്തിവയ്ക്കുകയും 9.30-ന് പുനരാരംഭിക്കുകയും ചെയ്തു.)

**ചരമോപചാരം**

## ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ

മുൻ മന്ത്രിയും പ്രമുഖ നിയമജ്ഞനുമായിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**തിരുത്തിയ ഉത്തരം**

## നക്ഷത്രചിഹ്നമിടാത്ത അഞ്ഞൂറ്റി മുപ്പത്തിനാലാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത അഞ്ഞൂറ്റി മുപ്പത്തിനാലാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തരപ്രമേയം**

## ബാർകോഴ

മി. ഡെപ്യൂട്ടി സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെ ഒന്നാം പ്രതിയാക്കി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പൂജപ്പുര സ്പെഷ്യൽ

സെൽ അഴിമതി നിരോധനനിയമപ്രകാരം കേസ്സെടുത്ത് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിനുശേഷവും അദ്ദേഹം മന്ത്രിസ്ഥാനത്ത് തുടരുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബാർകോഴയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെയുള്ള ആരോപണങ്ങളിന്മേൽ എഫ്.ഐ.ആർ. എടുത്ത് അന്വേഷിക്കണമെന്ന പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ ക്വിക്ക് വെരിഫിക്കേഷന് ഉത്തരവിടുകയുണ്ടായി. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. എടുത്ത് അന്വേഷണം നടത്താതെ മന:പൂർവ്വം കാലതാമസം വരുത്തുകയാണെന്ന് ആരോപിച്ച് സഭാംഗം ശ്രീ. വി.എസ്. സുനിൽകുമാറും എൽ.ഡി.എഫ്. കൺവീനർ ശ്രീ. വൈക്കം വിശ്വനും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ പെറ്റീഷൻ നൽകിയിരുന്നു. വിജിലൻസ് ഡയറക്ടർ സ്വീകരിച്ചിട്ടുള്ള ക്വിക്ക് വെരിഫിക്കേഷൻ ബഹു. ഹൈക്കോടതി ശരിവയ്ക്കുകയും ആയത് ബഹു.

സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ വിധിക്കനുസൃതമായി 42 ദിവസത്തിനകം പൂർത്തിയാക്കണമെന്നും ഉത്തരവിട്ടിരുന്നു. പ്രാഥമിക അന്വേഷണത്തിൽ കോഗ്നിസബിൾ ഒഫൻസിന്റെ അംശമുണ്ടെങ്കിൽപ്പോലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന് വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുള്ള സാഹചര്യത്തിലാണ് ഈ കേസ്സിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്. ശ്രീ. കെ. എം. മാണിക്കെതിരായ ആരോപണങ്ങളുടെ നിജസ്ഥിതി വിജിലൻസ് പരിശോധിച്ചിട്ടില്ല. കേസ്സെടുക്കാനുള്ള തെളിവുണ്ടോയെന്ന് മാത്രമാണ് പരിശോധിച്ചത്. അല്ലാതെ അദ്ദേഹം കുറ്റക്കാരനാണെന്ന് കണ്ടെത്തുകയോ ഈ കേസിൽ അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ല. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ കേസിന്മേൽ തീരുമാനമെടുക്കണമെന്നാണ് ബഹു. ഹൈക്കോടതി വിജിലൻസ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: അസാധാരണമായൊരു സ്ഥിതിവിശേഷമാണ് ഇവിടെ ഉളവായിരിക്കുന്നത്. എഫ്.ഐ.ആർ.-ന്റെ അടിസ്ഥാനത്തിൽ കേസന്വേഷണം നടത്തുമ്പോൾ ശ്രീ. കെ. എം. മാണി മന്ത്രിസ്ഥാനത്ത് തുടരുന്നത് ശരിയല്ല. കൈക്കൂലി വാങ്ങിയതിന്റെ പേരിൽ കേരളത്തിലെ ഒരു മന്ത്രിക്കെതിരെയും ഇതുവരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയോ വിജിലൻസ്

അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ല. വിജിലൻസ് അന്വേഷണം മുന്നോട്ട് കൊണ്ടുപോകണമെങ്കിൽ ശ്രീ. കെ.എം. മാണിയെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യേണ്ടതായുണ്ട്. അതിനാൽ അദ്ദേഹം മന്ത്രിസ്ഥാനത്ത് തുടരുന്നത് ജനാധിപത്യ നീതിക്കെതിരാണ്. അധികാരത്തിലിരിക്കുന്ന മന്ത്രിമാർക്ക് ഒരു നീതിയും സാധാരണക്കാരന് മറ്റൊരു നീതിയുമെന്ന നിലപാട് ശരിയല്ല. കൈക്കൂലിയായി ലഭിച്ച പണം കണ്ടെടുക്കുന്നതിന് ശ്രീ. കെ. എം. മാണിയെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയും ആവശ്യമെങ്കിൽ നാർക്കോ അനാലിസിസിന് വിധേയമാക്കുകയും വേണം. കേരളത്തിന്റെ ജനാധിപത്യ പാരമ്പര്യവും കീഴ്വഴക്കങ്ങളുമനുസരിച്ച് ആരോപണ വിധേയരാകുന്ന മന്ത്രിമാർ രാജിവയ്ക്കുന്ന പതിവുണ്ട്. ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യവും അതാണ്. ആരോപണ വിധേയരായവർ അവരുടെ കീഴിലുള്ള പോലീസിനെ ഉപയോഗിച്ച് അന്വേഷണം നടത്തി സ്വയം കുറ്റവിമുക്തരാകുന്ന രീതിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഈ കേസിന്റെ ഗതിയും അതാകുമെന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രസ്താവന സൂചിപ്പിക്കുന്നത്. കൈക്കൂലി കേസിൽ അന്വേഷണവിധേയനാകേണ്ട മന്ത്രി ഭരണകൂടത്തിന്റെ താക്കോൽ സ്ഥാനത്ത് തുടരാൻ പാടില്ല. ആഭ്യന്തര വകുപ്പുമന്ത്രി കേസന്വേഷണത്തിൽ ഇടപെടാൻ പാടില്ല. ഈ വിഷയം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 12-11-2013-ലെ സുപ്രീംകോടതി വിധി പ്രകാരമാണ് കൊഗ്നിസബിൾ ഒഫൻസുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ശ്രീ. കെ. എം. മാണിക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്. സാക്ഷികൾ പറയുന്ന കാര്യങ്ങൾ മാത്രമാണ് എഫ്.ഐ.ആർ-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ശ്രീ. കെ. എം. മാണി കുറ്റക്കാരനാണെന്ന് വിജിലൻസ് കണ്ടെത്തുകയോ ആരോപണങ്ങളുടെ നിജ:സ്ഥിതി പരിശോധിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ അദ്ദേഹം രാജിവയ്ക്കേണ്ട കാര്യമില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ അവാസ്തവമായതിനാൽ നിഷേധിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വിജിലൻസ് നിയമത്തിനുള്ളിൽ നിന്നുകൊണ്ടാണ് കാര്യങ്ങൾ ചെയ്തിരിക്കുന്നതെന്ന് പ്രതിപക്ഷത്തിന് സമ്മതിക്കേണ്ടിവന്നിരിക്കുകയാണ്. ലളിതകുമാരി V/s യു.പി.ഗവൺമെന്റ് എന്ന കേസിന്റെ അടിസ്ഥാനത്തിൽ പോലീസിന് കേസ്സെടുക്കാവുന്ന വകുപ്പുകളുള്ള ആക്ഷേപമാണോ ഉന്നയിച്ചിരിക്കുന്നതെന്ന് നോക്കുക മാത്രമേ സർക്കാരിന് ചെയ്യേണ്ടതുള്ളു. ഈ വിഷയത്തിൽ ശ്രീ. കെ. എം. മാണിയെ മുഖ്യമന്ത്രി

ന്യായീകരിച്ചാൽ അന്വേഷണം ശരിയായ ദിശയിൽ നടക്കില്ലെന്ന് പ്രതിപക്ഷനേതാവ് ആരോപിക്കുമെന്നതുകൊണ്ടാണ് ഞാൻ പ്രതികരിക്കാതിരുന്നത്. ബാറുകൾക്ക് അനുമതി കൊടുക്കണ്ടെന്ന് തീരുമാനമെടുത്തത് ക്യാബിനറ്റാണ്. അതിൽ ധനകാര്യ വകുപ്പുമന്ത്രിക്ക് പ്രത്യേകിച്ച് യാതൊരു പങ്കുമില്ല. പ്രത്യേക പങ്ക് ആർക്കെങ്കിലുമുണ്ടെങ്കിൽ അത് ഈ മന്ത്രിസഭയുടെ തലവനെന്നുള്ള നിലയിൽ എനിക്കായിരിക്കും. ഈ സാഹചര്യത്തിൽ മാണിസാർ രാജി വയ്ക്കണ്ട എന്നത് യു.ഡി.എഫ്.ന്റെയും മുഖ്യമന്ത്രിയുടെയും കൂട്ടായ തീരുമാനമാണ്. ഒരു ഡ്രൈവറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് മന്ത്രി രാജി വയ്ക്കണമെന്ന് പറയുന്നതിനോടൊന്നും ഗവൺമെന്റിന് യോജിക്കാനാവില്ല. രാഷ്ട്രീയത്തിന്റെ പേരിൽ ഇതുപോലുള്ള കടന്നാക്രമണം നടത്തുന്നത് ശരിയല്ല. മാണിസാർ ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന് ബോധ്യമുള്ളതുകൊണ്ടാണ് രാജിയുടെ ആവശ്യമില്ലെന്ന് ക്യാബിനറ്റ് തീരുമാനമെടുത്തത്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>): മന്ത്രി കൈക്കൂലി ചോദിച്ചുവാങ്ങിയെന്ന് വിജിലൻസിന് തെളിവ് കിട്ടിയതുകൊണ്ടാണ് ശ്രീ. കെ. എം.

മാണിക്കെതിരെ കേസ് എടുത്തിരിക്കുന്നത്. ഇതൊരു സാധാരണ അഴിമതി കേസല്ല. ചരിത്രത്തിൽ ആദ്യമായാണ് ഇത്തരമൊരു സംഭവമുണ്ടായിട്ടുള്ളത്. അഴിമതിക്കാരനായ ഒരു മന്ത്രിയെവച്ച് മന്ത്രിസഭയ്ക്ക് മുന്നോട്ടുപോകാൻ സാധിക്കുകയില്ല. കോഴക്കേസ് തനിക്കെതിരെയുള്ള ഗൂഢാലോചനയാണെന്നാണ് മന്ത്രി പറഞ്ഞിരിക്കുന്നത്. എങ്കിൽ മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും ഈ ഗൂഢാലോചനയുടെ പിന്നിൽ ആരാണെന്ന് വ്യക്തമാക്കണം. മന്ത്രിസഭയ്ക്കുള്ളിലും യു.ഡി.എഫ്.നുള്ളിലുമാണ് ഗൂഢാലോചന നടന്നതെന്ന് ചീഫ് വിപ്പ് പറഞ്ഞതിലൂടെ ഈ മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം ഇല്ലാതായിരിക്കുകയാണ്. മന്ത്രി രാജിവയ്ക്കണമെന്നത് കേരളജനതയുടെ മൊത്തം വികാരമാണ്. ഇതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം. തെറ്റുചെയ്ത മന്ത്രിയെ രാജിവയ്പ്പിച്ച് സ്വതന്ത്രവും നീതിപൂർവ്വവുമായ ഒരു അന്വേഷണം നടത്തണം. മന്ത്രി രാജിവയ്ക്കണമെന്ന പ്രതിപക്ഷാവശ്യം അംഗീകരിക്കാനോ അടിയന്തരപ്രമേയം അനുവദിക്കാനോ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭയുടെ നടുത്തളത്തിൽ കുത്തിയിരിക്കാൻ പോവുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യങ്ങൾ മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനുകളും റദ്ദ് ചെയ്തതായി ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സഭയെ

അറിയിച്ചു.)

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) 2014-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി I-ന്റെ താഴെപ്പറയുന്ന പ്രത്യേക റിപ്പോർട്ടും ചട്ടം 239 (3) പ്രകാരം സംക്ഷേപങ്ങളും സമർപ്പിക്കപ്പെട്ടു.

I. 'ഉപജീവന മാർഗ്ഗമെന്ന നിലയിൽ മൃഗസംരക്ഷണം - സർക്കാർ പദ്ധതികൾ' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

II. (i) 2007-12 പഞ്ചവത്സര പദ്ധതിയിൽപ്പെട്ട ഭക്ഷ്യസുരക്ഷ എന്ന പദ്ധതിയുടെ

നടത്തിപ്പിനെക്കുറിച്ചുള്ള കമ്മിറ്റിയുടെ ചർച്ചയുടെ ഒരു സംക്ഷേപം

(ii) കൃഷി, മണ്ണുപര്യവേഷണം എന്നീ വകുപ്പുകളുടെ 2011-12 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കമ്മിറ്റിയുടെ ചർച്ചയുടെ ഒരു സംക്ഷേപം

**ധനകാര്യം**

**2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2003-2004, 2009-2010, 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ**

2014-2015 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 2003-2004, 2009-2010, 2010-2011, 2011-2012 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് കാര്യവിവരപ്പട്ടികയിലെ ആറാമത്തെ ഇനമായ അനൗദ്യോഗികാംഗങ്ങളുടെ കാര്യം പരിഗണനയ്ക്കെടുത്തില്ല.)

സഭ രാവിലെ 10.49-ന് പിരിഞ്ഞു.

*************